ഉത്തരം

വ്യവസായതൊഴിൽ മേഖലകളിൽ ചുരുങ്ങിയ വേതനം നിശ്ചയിക്കാറുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് മിനിമം വേതന നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം ഒരു മിനിമം വേതന കമ്മിറ്റിയെ നിയോഗിച്ചുകൊണ്ടോ, നോട്ടിഫിക്കേഷൻ മുഖാന്തിരമോ, അതായത് സർക്കാർ ഗസറ്റിൽ കരട് നിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചശേഷം രണ്ടു മാസത്തെ കാലയളവിൽ ആക്ഷേപങ്ങൾ സമർപ്പിക്കുവാൻ അവസരം നൽകി, ആക്ഷേപങ്ങൾ പരിഗണിച്ച് മിനിമം വേതന ഉപദേശക സമിതിയുടെ ശുപാർശകൾ കൂടി പരിശോധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചോ ആണ്. ഇതിനു വേണ്ടിവരുന്ന കാലതാമസമാണ് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണം.

ക്ഷേമനിധി ബോർഡിന് താലൂക്ക് ആസ്ഥാനങ്ങൾ

48 [3497] *ശ്രീ. കളത്തിൽ അബ്ദുള്ള:*
,, *പി. കെ. കെ. ബാവ:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *കെ. എൻ. എ. ഖാദർ:*
,, *ചെർക്കളം അബ്ദുള്ള:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് താലൂക്ക് ആസ്ഥാനങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ താലൂക്ക് ആസ്ഥാനങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കർഷകത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി

49 [3498] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകത്തൊഴിലാളികൾക്ക് എന്തെങ്കിലും ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകത്തൊഴിലാളികൾക്ക് അപകടം, അപകടമരണം തുടങ്ങിയവയ്ക്ക് ഇൻഷ്വറൻസ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഭൂരഹിത കർഷകത്തൊഴിലാളികൾക്കായി ഒരു സൗജന്യ ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ വഴി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം മരണമടയുന്ന കർഷകത്തൊഴിലാളിയുടെ ആശ്രിതർക്ക് 2000 രൂപ (രണ്ടായിരം രൂപ) സൗജന്യ ഇൻഷ്വറൻസ് ആയി നൽകിയിരുന്നു. എന്നാൽ ഈ പദ്ധതി 1-10-2000 മുതൽ കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയിരിക്കുകയാണ്.

(സി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് കർഷകത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നവേളയിലും, കർഷകത്തൊഴിലാളി മരണമടയുമ്പോൾ അവരുടെ ആശ്രിതർക്കും ധനസഹായം നൽകി വരുന്നുണ്ട്. ആയതിനാൽ ഇവർക്ക് പ്രത്യേകമായി ഒരു ഇൻഷ്വറൻസ് പദ്ധതി ആലോചനയിലില്ല.

പത്ത് വർഷത്തിൽ കൂടുതൽ എമ്പ്ലോയ്മെന്റിൽ രജിസ്ട്രേഷൻ പുതുക്കി വരുന്നവർക്ക് ആറുമാസത്തെ ജോലി നൽകാൻ നടപടി

50 [3499] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊത്തം ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര; ഇവരുടെ കാറ്റഗറി തിരിച്ചും, ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) 1980-ന് മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര; 1980-നും 2000-നും ഇടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര; 2000-നുശേഷം രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ എന്തൊക്കെ നടപടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ഡി) 10 വർഷത്തിൽ കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ചുരുങ്ങിയത് ആറ് മാസമെങ്കിലും ജോലി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ എത്ര; ഇവർക്ക് കൊടുക്കുന്നതിനുള്ള സംഖ്യ കുടിശ്ശികയാകാനുള്ള കാരണം വ്യക്തമാക്കുമോ ; കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly